PMEGP

Prime Minister's
Employment Generation Programme

# പ്രധാനമന്ത്രി തൊഴിലുറപ്പ് പദ്ധതി

# P M Employment Guarantee Programme (PMEGP)





# പ്രധാനമന്ത്രി തൊഴിലുറപ്പ് പദ്ധതി

## പ്രത്യേകതകൾ

- ഈ പദ്ധതിയിൽ തൊഴിൽരഹിതരായ യുവതീ യുവാക്കൾക്ക് പുതിയ മൈക്രോ സംരംഭങ്ങൾ/ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ബാങ്കുകൾ മുഖേന സാമ്പത്തിക സഹായം നൽകുന്നു.

- പുതിയ സ്വയം തൊഴിൽ സൂക്ഷ്മ സംരംഭങ്ങളോ പദ്ധതികളോ സ്ഥാപിച്ച് ഇന്ത്യയിലെ ഗ്രാമങ്ങളിലും നഗരങ്ങളിലും തൊഴിൽ സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം.

- കരകൗശലത്തൊഴിലാളികളുടെ വരുമാനം നേടാനുള്ള ശേഷി വർധിപ്പിക്കുന്നതിനും ഗ്രാമീണ, നഗര തൊഴിലുകളുടെ വളർച്ചാ നിരക്ക് വർധിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുമാണ് ഈ പദ്ധതി.

- ഗ്രാമങ്ങളിലും നഗരങ്ങളിലും വ്യാപകമായി ചിതറിക്കിടക്കുന്ന പരമ്പരാഗത കരകൗശല തൊഴിലാളികൾക്കും തൊഴിൽരഹിതരായ യുവാക്കൾക്കും ഒത്തുചേരാനും സ്വയം തൊഴിൽ സാധ്യതകൾ സൃഷ്ടിക്കാനും ഒരു പൊതു ഇടം നൽകുക.

- പരമാവധി 25 ലക്ഷം വരെ വായ്പ ലഭിക്കുന്ന പദ്ധതിയാണിത്.

- മുടക്കുന്നതിന്റെ അഞ്ച് മുതൽ 10% വരെ ഗുണഭോക്താവിന്റെ വിഹിതമായി ചെലവ് ചെയ്യേണ്ടതാണ്. 90-95 % വരെ ബാങ്ക് വായ്പ ലഭിക്കും. നഗരമേഖലകളിൽ 15% മുതൽ 25 % വരെയും ഗ്രാമീണ മേഖലകളിൽ 25%-35 % വരെയും സബ്സിഡി ലഭിക്കുന്ന പദ്ധതിയാണിത്.

- കേന്ദ്രസർക്കാർ സ്ഥാപനമായ ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ ആണ് പദ്ധതി നടത്തിപ്പിന്റെ പ്രധാന ഏജൻസി.

- 10 ലക്ഷം വരെയുള്ള വായ്പയ്ക്ക് ഈട് നൽകേണ്ടതില്ല.

- പത്തുലക്ഷം രൂപയ്ക്ക് മുകളിൽ ബാങ്കിന്റെ നിയമപ്രകാരമുള്ള ഈട് നൽകേണ്ടിവരും.

- വായ്പ പലിശ 11-12% വരെയാണ്. 3-7വർഷം വരെയാണ് തിരിച്ചടവ് കാലാവധി.

- പുതിയ സംരംഭങ്ങൾക്ക് മാത്രമേ സബ്സിഡി ലഭിക്കുകയുള്ളൂ.

- ദിവ്യാംഗർ ( Differently abled ) വിഭാഗങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ, പിന്നോക്ക സമുദായങ്ങൾ, വനിതകൾ തുടങ്ങിയവർക്ക് കൂടിയ നിരക്കിൽ സബ്സിഡി ലഭിക്കുന്നതാണ്.

GLOBAL GIVERS FOUNDATION

## പദ്ധതിയിൽ എങ്ങനെ ചേരാം

- അപേക്ഷ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.
  https://www.kviconline.gov.in/pmegp.jsp
- അപേക്ഷകന്റെ  പ്രായം 18 വയസ്സോ അതിനു മുകളിലോ ആയിരിക്കണം.
- ഗുണഭോക്താക്കൾ കുറഞ്ഞത് എട്ടാം ക്ലാസ് പാസായിരിക്കണം.
- ഗുണഭോക്താവിന് വായ്പ  അനുവദിക്കുന്നതിനും യോഗ്യത നേടുന്നതിനായും ഗുണഭോക്താവ് നിർബന്ധിത EDP പരിശീലനം നേടേണ്ടതായുണ്ട്.

## സമർപ്പിക്കേണ്ട രേഖകൾ

- പാസ്സ്പോർട്ട് സൈസ് ഫോട്ടോ സഹിതം കൃത്യമായി പൂരിപ്പിച്ച അപേക്ഷ.
- പ്രൊജക്റ്റ് റിപ്പോർട്ട്.
- അപേക്ഷകന്റെ ഐഡന്റിറ്റിയും വിലാസ തെളിവുകളും.
- അപേക്ഷകന്റെ പാൻ കാർഡ്, ആധാർ കാർഡ്, എട്ടാം ക്ലാസ് പാസായ സർട്ടിഫിക്കറ്റ്.
- ആവശ്യമെങ്കിൽ പ്രത്യേക വിഭാഗ സർട്ടിഫിക്കറ്റ്.
- എന്റർപ്രണർ ഡെവലപ്മെന്റ് പ്രോഗ്രാം ( EDP ) പരിശീലനത്തിന്റെ സർട്ടിഫിക്കറ്റ്.
- എസ്സി/ എസ്ടി/ ഒബിസി/ ന്യൂനപക്ഷം/ മുൻ സൈനികർ/ അംഗപരിമിതർ എന്നിവയ്ക്കുള്ള സർട്ടിഫിക്കറ്റ്.
- അക്കാദമിക്, ടെക്നിക്കൽ കോഴ്സുകൾ ഉണ്ടെങ്കിൽ അവയുടെ സർട്ടിഫിക്കറ്റ്.
- ബാങ്കോ NBFCയോ ആവശ്യപ്പെടുന്ന മറ്റേതെങ്കിലും രേഖ.

## ആർക്കൊക്കെ അപേക്ഷിക്കാം

- തൊഴിൽരഹിതരായ 18 വയസ്സിനു മുകളിൽ പ്രായമായവർ.
- ബിസിനസ്സ് ഉടമകളും സംരംഭകരും.
- ചെറുകിട നാമമാത്ര വ്യവസായ സ്ഥാപനങ്ങൾ.
- സ്വയം സഹായ ഗ്രൂപ്പുകളും (എസ്എച്ച്ജി) 1860 ലെ സൊസൈറ്റി രജിസ്ട്രേഷൻ നിയമപ്രകാരം രജിസ്റ്റർ ചെയ്ത സംഘടനകൾ.
- ഉത്പാദന മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ.

GLOBAL GIVERS FOUNDATION

GLOBAL
GIVERS
FOUNDATION

സാമൂഹ്യവും സാമ്പത്തികവുമായി പാർശ്വവൽക്കരിക്കപ്പെട്ടവരുടെ
ശാക്തീകരണം ലക്ഷ്യമിട്ട്, വിദ്യാഭ്യാസം, നൈപുണ്യ പരിശീലനം,
ആരോഗ്യപരിചരണം, സാമ്പത്തിക സ്വയംപര്യാപ്തതയ്ക്കുള്ള അവസരമൊരുക്കൽ,
സദ്ഭരണ മാതൃകകളുടെ പ്രോത്സാഹനം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നു.



PREPARED & PUBLISHED BY
GLOBAL GIVERS FOUNDATION